പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2570

19.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ. വി.ശശി | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| സീപ്ലെയിൻ പറന്നുയരുന്ന ഒരു കിലോമീറ്റർ ചുറ്റളവിൽ മത്സ്യ ബന്ധനവും ഹൗസ്ബോട്ടുകളും പാടില്ലായെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ മത്സ്യ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാത്ത സാഹചര്യം ഉണ്ടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സിന്റെ സാധ്യതാ പഠന റിപ്പോർട്ടനുസരിച്ച് ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ സീപ്ലെയിൻ പറന്നുയരുന്നതിന് 1 കി.മീ. നീളവും 250 മീ. വീതിയുമുള്ള ഒരു ചെറിയ പ്രദേശം മാത്രമാണ് ആവശ്യമുള്ളത്. എങ്കിലും ആശങ്കകൾ ദൂരീകരിക്കുന്നതിനായി പട്ടികജാതി, പിന്നോക്ക ക്ഷേമ, ടൂറിസം വകുപ്പ് മന്ത്രി, തുറമുഖ എക്സൈസ്, ഫിഷറീസ് വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ മത്സ്യബന്ധന രംഗത്തെ വിവിധ സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 22.5.2013 ന് ഒരു യോഗം ചേരുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാതു മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ